ഞാൻ ഉൾപ്പെടെയുള്ള എം.എൽ.എ.മാർ ഉണ്ടായിരുന്നു. തൊഴിലാളി പ്രതിനിധികൾ പറഞ്ഞ കാര്യങ്ങൾക്കൊന്നും മറുപടി പറയാൻ മാനേജ്മെന്റിന് കഴിഞ്ഞിട്ടില്ല. ഒരു കൊല്ലത്തിലധികംകാലം കമ്പനിക്ക് പ്രവർത്തിക്കാനുള്ള അസംസ്കൃത സാധനങ്ങൾ കമ്പനിയുടെ വിവിധ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നുണ്ട്. വെള്ളമില്ലെന്നു പറഞ്ഞു. ചാലിയാർ റഗുലേറ്റർ-കം-ബ്രിഡ്ജ് കവണകല്ലിൽ പണിയുകയാണ്. 25 കൊല്ലത്തേയ്ക്ക് വെള്ളത്തിന്റെ പ്രശ്നമില്ല. സെൻ ഗുപ്താ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് അവർ പറയുന്നു. പൊല്യൂഷനുമായിട്ട് ബന്ധപ്പെട്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതുതന്നെ. ബിർല ഉൾപ്പെടെ വിദേശ രാജ്യങ്ങളിൽ ഫൈബർ ഉണ്ടാക്കാവുന്ന കമ്പനികളുണ്ട്. ചുരുങ്ങിയ വിലയ്ക്ക് അവിടെ ഉല്പാദിപ്പിച്ച് ഇവിടെ കൊണ്ടുവരാനുള്ള ഇമ്പോർട്ട് നയങ്ങളാണ് ഈ കമ്പനിയെ ബാധിക്കുന്നതെന്ന് കരുതുന്നു. അടിയന്തിരമായി ഈ കമ്പനി തുറന്നു പ്രവർത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. മുഖ്യമന്ത്രി ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് മാനേജ്മെന്റ് പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ച നടത്തി ആ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി എടുക്കണം. മാനേജ്മെന്റിന്റെ ധിക്കാരം അവസാനിപ്പിക്കത്തക്കവിധത്തിൽ ശക്തമായ സമീപനം എല്ലാ വിഭാഗം ആളുകളെയും സഹകരിപ്പിച്ചുകൊണ്ട് ഗവൺമെന്റ് മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഈ വിഷയം പല പ്രാവശ്യം മാനേജ്മെന്റും തൊഴിലാളികളുമായിട്ട് സർക്കാർ ചർച്ച ചെയ്തിട്ടുള്ളതാണ്. ഫാക്ടറി അടച്ചു പൂട്ടുന്നതിനുള്ള മാനേജ്മെന്റിന്റെ അപേക്ഷ സർക്കാർ തള്ളിക്കളഞ്ഞിരിക്കുകയുമാണ്. വീണ്ടും മാവൂർ ഗ്വാളിയർ റയോൺസുമായിട്ട് ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 16.12.1999 ന് വൈകിട്ട് 4 മണിക്ക് ഒരു യോഗം വിളിച്ചിട്ടുണ്ട്. വ്യവസായ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, വനം വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിധ്യത്തിൽ ബിർല ഉൾപ്പെടെ മാനേജ്മെന്റ് പ്രതിനിധികളുമായിട്ട് ഫാക്ടറിയിലെ അംഗീകൃത തൊഴിലാളി യൂണിയൻ നേതാക്കളുമായിട്ട് പ്രസ്തുത യോഗത്തിൽ ചർച്ച നടത്തുന്നതാണ്. ഈ ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നതിനു വേണ്ടി സമ്മർദ്ദം മാനേജ്മെന്റിൽ ചെലുത്താൻ അങ്ങയറ്റം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബിർല തന്നെ 16 -ാം തീയതി വന്ന് സമ്മേളനത്തിൽ പങ്കെടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്..

## (10) 'ടെൽക്ക്' നേരിടുന്ന അടച്ചുപൂട്ടൽ ഭീഷണി

ശ്രീ. പി.ജെ. ജോയി : സർ, കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായ ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് അഥവാ 'ടെൽക്' എന്ന സ്ഥാപനം ഒരു അടച്ചു പൂട്ടൽ ഭീഷണിയെ നേരിടുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി കമ്പനിയിൽ ഇന്ന് വന്നിരിക്കുകയാണ്. 1991 മുതൽ 1997 വരെ ലാഭകരമായി പ്രവർത്തിച്ച ആ സ്ഥാപനം അതിന്റെ സഞ്ചിത നഷ്ടം 45 കോടി രൂപയായിരുന്നത് 25 കോടിരൂപയായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. 1998-99 ആയപ്പോൾ ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ ഒരു കണക്ക് പറഞ്ഞു. അതായത് 97 ലക്ഷം രൂപ നഷ്ടത്തിലാണെന്ന്. പക്ഷെ മാസങ്ങൾക്ക്മുമ്പ് മാറിപ്പോയ കമ്പിനിയുടെ മാനേജിംഗ് ഡയറക്ടറുടെ ഒരു സ്റ്റേറ്റ്മെന്റ് പത്രത്തിൽ വായിച്ചു. അത് വളരെ ഒരു ചെറിയ നഷ്ടം മാത്രമേയുള്ളു. അതുകൊണ്ട് കമ്പനിക്ക് പ്രതിസന്ധി

LIBRARY ARCHIVES Kerala Legislative Assembly

യൊന്നും ഇല്ലായെന്നാണ്. ഇപ്പോൾ പുതിയ മാനേജിംഗ് ഡയറക്ടർ വന്നപ്പോൾ ഒരു പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞതായി കണ്ടു; ഏതാണ്ട് പത്തരക്കോടി രൂപയോളം 1998-1999 ൽ ആ കമ്പനിയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ടെന്ന്. ഈ നിലയിൽ പോയാൽ ആ കമ്പനി അടച്ചു പൂട്ടേണ്ടി വരും. ഏതായാലും മൂലധന നിക്ഷേപം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം. അത് വർദ്ധിപ്പിക്കുക എന്നതു മാത്രമേ ആ കമ്പനിയെ രക്ഷിക്കാൻ ഇപ്പോൾ കരണീയമായിട്ടുള്ളൂ. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി ഈ കാര്യത്തിൽ ഇടപെട്ട് വേണ്ടത് ചെയ്യണം. ഇപ്പോൾ വർക്കിംഗ് ക്യാപിറ്റൽ ഇല്ല. ആവശ്യമുള്ള മെറ്റീരിയൽസ് കൊടുക്കുന്നില്ല, വളരെ ആത്മാർത്ഥതയോടുകൂടി പണിയെടുക്കുന്ന തൊഴിലാളികളാണ്, ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളൊന്നും ചെയ്തു കൊടുക്കുന്നില്ല. അടിയന്തിരമായി മൂലധന നിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ട് ആ കമ്പനിയെ രക്ഷപ്പെടുത്താൻ ഈ ഗവൺമെന്റ് മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) : സർ, 13 കോടി 68 ലക്ഷം രൂപ മൂലധനമുള്ള ടെൽക് ലിമിറ്റഡിന്റെ സഞ്ചിത നഷ്ടം 33.14 കോടി രൂപ ആയതിനെത്തുടർന്ന് 1995 ജൂലൈയിൽ കമ്പനി, ബോർഡ് ഫോർ ഇൻഡസ്ട്രിയൽ ആന്റ് ഫൈനാൻഷ്യൽ റീകൺസ്ട്രക്ഷൻ - ബി.ഐ.എഫ്.ആർ. ൽ രജിസ്റ്റർ ചെയ്യേണ്ടതായി വന്നു. തുടർന്ന് 1995 ഡിസംബറിൽ കമ്പനി സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള നടപടികളെടുക്കുകയും അതനുസരിച്ച് ബി.പി.എൽ. ക്രോംപ്ടൺ ഗ്രീവ്സ് തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങൾ ടെൽക്ക് ഏറ്റെടുക്കുവാൻ സന്നദ്ധമാവുകയും ചെയ്തു. 1996 മേയിൽ പ്രസ്തുത കമ്പനിയിലുള്ള നടപടികൾ പൂർണ്ണമായും പുന:പരിശോധിക്കുകയും കമ്പനിയെ പൊതുമേഖലയിൽത്തന്നെ നിലനിറുത്തുന്നതിനുള്ള ഉദ്ദേശത്തോടുകൂടി ഒരു പുനരുദ്ധാരണ പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയ്ക്ക് 21-12-1997 ൽ ബി.ഐ.എഫ്.ആർ അംഗീകാരം കൊടുക്കുകയും ചെയ്തു. പ്രസ്തുത പുനരുദ്ധാരണ പദ്ധതി പ്രകാരം കമ്പനിയ്ക്ക് സർക്കാരിൽനിന്നും 12.62 കോടി രൂപ പണമായി കൊടുക്കുകയും വില്പന നികുതി കുടിശ്ശികയായ 12.20 കോടി രൂപയുടെയും സർക്കാരിനു നൽകാനുള്ള ഗ്യാരന്റി കമ്മീഷൻ തുകയായ 4.05 കോടി രൂപയുടെയും തിരിച്ചടവ് മാറ്റി വയ്ക്കുകയും ചെയ്തു. എന്നാൽ കമ്പനി ഉൽപന്നങ്ങളുടെ വിലയിലുണ്ടായ സാരമായ ഇടിവ് മറ്റ് കമ്പനികളുമായുള്ള കിട മൽസരവും ടെൽക്കിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. ആയതിനാൽ 1997 ൽ സി.ഐ.എഫ്.ആർ അംഗീകരിച്ച പദ്ധതിയനുസരിച്ച് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കമ്പനിയ്ക്ക് കൈവരിക്കാൻ കഴിഞ്ഞില്ല. ഇതിന്റെ ഫലമായി പുനരുദ്ധാരണ കാലയളവായ 1997-1998 ൽ കമ്പനി നഷ്ടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നതെന്ന് പിന്നീടുള്ള പഠനങ്ങൾ വെളിപ്പെടുത്തി. ആദ്യംതന്ന കണക്കുകൾ തന്നെ വീണ്ടും പുനഃപരിശോധിച്ചപ്പോൾ കണക്കുകളിൽ പിശകുണ്ടെന്നു മനസ്സിലാകുകയും അതനുസരിച്ച് അതിന്റെ ഫലമായിട്ട് ഈ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വേണ്ടി ടി.ടി.പി ലിമിറ്റഡിൽ നിന്നും 4 കോടി രൂപ ഹ്രസ്വകാല വായ്പയായി നല്കിയിരുന്നു. ഇതൊക്കെയായിട്ടും 1998-1999 ലെ പ്രവർത്തനവും നഷ്ടത്തിലാണ് അവസാനിച്ചതെന്ന് പിന്നീടുള്ള അവലോകനങ്ങൾ വെളിപ്പെടുത്തി. 1996-1999 വർഷത്തെ കണക്കുകൾ അവലോകനം ചെയ്തതനുസരിച്ച് കമ്പനിക്ക് പ്രസ്തുത വർഷം 10.9 കോടി രൂപ നഷ്ടമാണെന്നു കണ്ടെത്തി. ഇതിന്റെ മൂലധന പ്രതിസന്ധി ഒഴിവാക്കാനായി കമ്പനിയുടെ അഭ്യർത്ഥന

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ട് ബോർഡിൽ നിന്നും താൽക്കാലികമായി 10 കോടി രൂപ 1999 ഒക്ടോബർ മാസത്തിൽ കമ്പനിയ്ക്ക് നല്കിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പ്രതിസന്ധി കുറയ്ക്കുന്നതിന് ഒരളവ് വരെ സാധിച്ചിട്ടുണ്ട്. ഇപ്പോൾ ഈ കമ്പനിയുടെ പൊതുവായിട്ടുള്ള റീവൈവൽ പാക്കേജിനുള്ള പരിപാടികൾക്ക് രൂപം കൊടുത്തു വരികയാണ്. കോർപസ് ഫണ്ട് പൂർണ്ണമായി കഴിഞ്ഞാൽ ഉടനെ അതിൽ നിന്നുള്ള പണമുപയോഗിച്ച് ഇതിന്റെ പുനരുദ്ധാരണ പരിപാടികൾ നടക്കും. പക്ഷെ ഈ കമ്പനിയെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട പ്രശ്നം അതിന്റെ ഉൽപന്നങ്ങൾക്ക് ഇന്നു കിട്ടുന്ന മാർജിൻ വളരെ കുറവാണ് എന്നതാണ്. വിദേശത്തേക്ക് നമ്മൾ അയയ്ക്കുന്ന ഓർഡറുകൾക്ക് നല്ല വില കിട്ടുന്നുണ്ടെങ്കിലും ആഭ്യന്തരമായി കിട്ടുന്ന വിലയിൽ അതിന്റെ മാർജിൻ വളരെ കുറവാണ്. അതുകൊണ്ട് വളരെ സൂക്ഷിച്ചു നടത്തിയെങ്കിൽ മാത്രമേ ഈ സ്ഥാപനത്തെ രക്ഷിക്കാൻ കഴിയൂ. അതിനാവശ്യമായ പണം കോർപസ് ഫണ്ടിൽനിന്നും കൊടുത്ത് പുനരുദ്ധാരണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. മറ്റ് പല കാര്യങ്ങളും അവിടെ പരിശോധിക്കേണ്ടിവരും. പത്ത് നാനൂറ് സൂപ്പർവൈസറി സ്റ്റാഫാണ് ഇന്ന് അവിടെയുള്ളത്. ഇത് അടക്കമുള്ള എല്ലാ പ്രശ്നങ്ങളും പരിശോധിച്ചു കമ്പനി എങ്ങനെ നടത്തിക്കൊണ്ടു പോകാൻ സാധിക്കുമെന്ന് പരിശോധിച്ചു വേണ്ട കാര്യങ്ങൾ ചെയ്യാം.

## (11) ട്രാവൻകൂർ - കൊച്ചിൻ കെമിക്കൽസ് നേരിടുന്ന പ്രതിസന്ധി

<u>ശ്രീ. കെ. മുഹമ്മദാലി</u> : സർ, സംസ്ഥാന ഗവൺമെന്റിന്റെ ഉടമയിലുള്ള ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ ടി.സി.സി ഗുരുതരമായ പ്രതിസന്ധിയിലാണ്. ലാഭകരമായി നടന്നുവന്ന ഈ സ്ഥാപനം ഇന്ന് ഭീമമായ നഷ്ടത്തിലേക്ക് പോകുകയാണ്. ഈ നിലയ്ക്ക് പോയാൽ ബി.ഐ.എഫ്.ആർ. ന് ഇത് റഫർ ചെയ്യേണ്ടിവരും. ഇതുവരെ 23 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. നാലഞ്ചു മാസത്തെ പ്രവർത്തനംകൊണ്ട് 10 കോടി രൂപയുടെ നഷ്ടം കൂടി വന്നിരിക്കുകയാണ്. മൊത്തം 33 കോടി രൂപയുടെ നഷ്ടത്തിൽ എത്തിയിരിക്കുന്നു. വളരെ ഗൗരവമായി ഗവൺമെന്റിന്റെ ശ്രദ്ധ വരേണ്ട സ്ഥാപനമാണ്. അഭിമാനകരമായ രീതിയിൽ നമ്മുടെ സംസ്ഥാനത്ത് നടന്നു വന്നിരുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണിത്. ഇന്നത്തെ ഈ സ്ഥിതിയ്ക്ക് പരിഹാരമുണ്ടാക്കുവാൻ അടിയന്തിരമായി ഗവൺമെന്റ് ഇടപെട്ടില്ലായെങ്കിൽ വളരെ പ്രയാസകരമായ സ്ഥിതിയിലേക്ക് പോകും. ഇപ്പോൾതന്നെ റിവൈവൽ സ്കീം സബ്മിറ്റ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ട് ബോർഡിനു സമർപ്പിച്ചിരിക്കുന്ന റിവൈവൽ സ്കീമിനു പെട്ടെന്ന് അംഗീകാരമുണ്ടാകണം. അതിനുള്ള നടപടി വേഗത്തിൽ എടുക്കണം. അതുപോലെ വളരെ പ്രധാനപ്പെട്ട കാര്യം, വൈദ്യുതി ചാർജിന്റെ നിരക്കിൽ വന്നിരിക്കുന്ന മാറ്റമാണ്. ഒരു യൂണിറ്റിനു 1.82 രൂപയ്ക്കുപകരം 2.48 രൂപ നല്കേണ്ടി വന്നിരിക്കുന്നു. ഇത് അഞ്ചുകൊല്ലത്തിലേക്ക് കമ്പനിക്ക് ബാധകമാകാതിരിക്കേണ്ടത് വളരെ അനിവാര്യമാണ്. 1978 ൽ ശ്രീ.പി.കെ. വാസുദേവൻനായർ വ്യവസായ വകുപ്പിന്റെ ചുമതലയും മുഖ്യമന്ത്രിയുമായിരുന്ന കാലഘട്ടത്തിൽ ഇങ്ങനെ ഒരു തീരുമാനമെടുക്കുകയുണ്ടായിട്ടുണ്ട്. അതുപോലെ കമ്പനിയുടെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് 5 വർഷക്കാലത്തേക്ക് വൈദ്യുതി നിരക്കിൽ വന്നിരിക്കുന്ന റിവിഷൻ, ടി.സി.സി ക്ക് ബാധകമാകാതിരിക്കാനുള്ള പ്രധാനപ്പെട്ട തീരുമാന



LIBRARY ARCHIVES Kerala Legislative Assembly